# ആരാധനക്രമത്തിന് ആമുഖം

**1. ലിറ്റർജി മൂലപദവും അർത്ഥവും**

**2. ആരാധനക്രമം: നിർവചനങ്ങളും വിശദീകരണങ്ങളും**

2.1. **ആരാധനക്രമം സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ**

*2.1.1. മേദിയാത്തർ ദേയി*

*2.1.2. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളിൽ*

*2.1.3. ലിറ്റർജിയും പൗരസ്ത്യ കാനൻ നിയമ സംഹിതയും*

*2.1.4. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*

***2.1.5. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം സംക്ഷേപം***

**3. സഭ: ആരാധനാസമൂഹം**

**4. അടയാളങ്ങളും പ്രതീകങ്ങളും**

*4.1.* ***ആരാധനക്രമത്തിലെ ശാരീരികനിലപാടുകൾ***

**5. സജീവഭാഗഭാഗിത്വം**

**6. ആരാധനക്രമത്തിന്റെ സാംസ്കാരികാനുരൂപണം (Inculturation)**

**7. സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമായ ആരാധനക്രമം**

**8.സഭയും സഭാപാരമ്പര്യങ്ങളും**

**9. പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യങ്ങൾ**

**10. സ്വയാധികാരസഭയും (വ്യക്തിസഭ) ആരാധനക്രമവും**

**11. ആരാധനക്രമവും റീത്തുകളും**

**12 വിവിധ ആരാധനക്രമകുടുംബങ്ങൾ**

***12.1. ലത്തീൻ (പാശ്ചാത്യ)സഭാപാരമ്പര്യവും ആരാധനക്രമകുടുംബവും***

***12.2. ഗ്രീക്ക് സഭാപാരമ്പര്യവും ആരാധനക്രമകുടുംബങ്ങളും***

***12.2.1 ബൈസന്റയിൻ (കോൺസ്റ്റാന്റിനോപ്പൊളിറ്റൻ) ആരാധനക്രമകുടുംബം***

***12.2.2 അലക്സാണ്ഡ്രിയൻ ആരാധനക്രമകുടുംബം***

***12.2.3. അർമേനിയൻ ആരാധനക്രമകുടുംബം***

***12.3. സുറിയാനി സഭാപാരമ്പര്യവും ആരാധനക്രമകുടുംബങ്ങളും***

***12.3.1 അന്ത്യോക്യൻ ആരാധനക്രമകുടുംബം***

***12.3.2 പൗരസ്ത്യസുറിയാനി (കൽദായ) ആരാധനക്രമകുടുംബം***

**13. സീറോമലബാർ സഭയുടെ ആരാധനക്രമഗ്രന്ഥങ്ങൾ**

# ആരാധനക്രമത്തിന് ആമുഖം

ദൈവത്തിന്റെ രക്ഷാപദ്ധതിയെന്ന ദിവ്യരഹസ്യത്തിന്റെ ആഘോഷമാണ് ലിറ്റർജി അഥവാ ആരാധനക്രമം. തന്മൂലം ദൈവത്തിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ ആഘോഷമാണിത്. തിരുസ്സഭയുടെ സർവ്വോൽക്കൃഷ്ടപ്രവൃത്തിയും അവ ളുടെ ശക്തിയുടെ ഉറവിടവും (SC 10) എന്ന നിലയിൽ ആരാധനക്രമത്തിന് സഭാജീവിത ത്തിൽ കേന്ദ്രസ്ഥാനമാണുള്ളത്.

**1. ലിറ്റർജി മൂലപദവും അർത്ഥവും**

ലിറ്റർജി എന്ന ഇംഗ്ലീഷ് പദം ലിത്തൂർജിയ *(Liturgia)* എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് വരുന്നത്. അതാകട്ടെ ലെയ്ത്തൂർഗിയ *(Leitourgia)* എന്ന ഗ്രീക്കു പദത്തിൽ നിന്നും വരു ന്നു. ഈവാക്കിന്റെ ഉത്ഭവാർത്ഥം പൊതുവായ പ്രവൃത്തി (Public work) അഥവാ ജന ങ്ങളുടെ നാമത്തിലോ ജനങ്ങളെ പ്രതിയോ ഉള്ള ശുശ്രൂഷ എന്നാണ്. ക്രൈസ്തവപാരമ്പ ര്യത്തിൽ ഇതിന് ദൈവത്തിന്റെ പ്രവൃത്തിയിലുള്ള ദൈവജനത്തിന്റെ പങ്കുചേരൽ എന്നാ ണർത്ഥം (CCC 1069).

ലിറ്റർജിയെ മലയാളത്തിൽ ആരാധനക്രമം എന്നാണ് ഭാഷാന്തരം ചെയ്യുന്നത്. എന്നാൽ ഈ പദം ലിറ്റർജിയുടെ യാഥാർത്ഥ്യം പൂർണ്ണമായി വെളിവാക്കുന്നില്ല.ലിറ്റർജി യിൽ അന്തർഭവിച്ചിരിക്കുന്ന ശുശ്രൂഷയുടെയും സ്നേഹത്തിന്റെയും മാനങ്ങൾ അതു പൂർണ്ണ മായും പ്രകാശിപ്പിക്കുന്നില്ല.എങ്കിലും ലിറ്റർജിയെ ദൈവത്തോടുള്ള സ്നേഹപ്രകാശന ത്തിന്റെ ശുശ്രൂഷയായി മനസ്സിലാക്കാൻ ആരാധനക്രമം എന്ന പദം സഹായിക്കും.

**2. ആരാധനക്രമം: നിർവചനങ്ങളും വിശദീകരണങ്ങളും**

മിശിഹായുടെ രക്ഷാകർമ്മം ക്രമാനുഷ്ഠാനവിധികളിലൂടെ സന്നിഹിതമാക്കുന്നതാണ് ആരാധനക്രമം. ഇതു നടക്കുന്നത് സഭയിലും സഭയിലൂടെയുമാണ്. ആരാധനാസമൂഹത്തിന് രക്ഷാകരകൃത്യം പൂർണ്ണമായി അനുഭവവേദ്യമാകുന്നതും തദ്വാരാ പാപമോചനവും രക്ഷയും പ്രദാനം ചെയ്യുന്നതുമായ പരിശുദ്ധമായ ഒരു അനുഷ്ഠാനമാണിത്. ഇതിൽനിന്നും ആരാ ധനക്രമം ഒരേ സമയം ദൈവത്തിന്റെ പ്രവൃത്തിയും സഭയുടെ പ്രവൃത്തിയുമാണെന്നു വ്യക്തമാകുന്നു.ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടി ദൈവം ചെയ്ത പ്രവൃ ത്തിയെ സഭ ദൈവത്തോടൊത്തു തുടരുകയാണിവിടെ. മാനുഷികഘടകങ്ങൾ ഇതിൽ പങ്കുചേരുന്നെങ്കിലും ഇതിന്റെ ഉറവിടം ദൈവമാണ്; ഫലം ദൈവികമാണ്.

ആരാധനക്രമം രക്ഷയിലേക്കു മനുഷ്യനെ വിളിക്കുന്ന ദൈവത്തിന്റെ വിളിയും മനു ഷ്യൻ നല്കുന്ന അനുകൂലമായ പ്രത്യുത്തരവുമാണ്. മനുഷ്യരെ ദൈവത്തിങ്കലേക്കു യർത്താൻ ദൈവം മനുഷ്യനായി ഭൂമിയിലേക്കിറങ്ങിവന്നു സാധിച്ച രക്ഷയുടെ രഹസ്യ ങ്ങൾ കൗദാശികമായി പുനരാവിഷ്ക്കരിക്കപ്പെടുകയും അനുഭവവേദ്യമാകുകയും ചെയ്യുന്ന പരിശുദ്ധകർമ്മമാണ് ആരാധനക്രമം. ശിരസ്സായ മിശിഹായോടൊപ്പം ദൈവജനം, ലോകം മുഴുവനുംവേണ്ടിയുള്ള അവിടുത്തെ രക്ഷാപദ്ധതിയെപ്രതി പരിശുദ്ധാത്മാവുമായുള്ള ഐക്യ ത്തിൽ പിതാവായ ദൈവത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയു മർപ്പിക്കുന്ന സ്തുതിയുടെ ബലിയാണിത്. ദൈവം മനുഷ്യരിലേക്ക് താഴ്ന്നിറങ്ങുന്നതും, മനു ഷ്യൻ ദൈവത്തിങ്കലേക്ക് ഉയർത്തപ്പെടുന്നതുമായ രക്ഷയുടെയും വിശുദ്ധീകരണത്തിന്റെ യും മഹത്വീകരണത്തിന്റെയും സംഗമവേദിയാണിത്.

ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദു വിശുദ്ധ കുർബാനയാണ്. മറ്റു കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർഥനകൾ, ആരാധനക്രമവത്സരത്തിലെ തിരുനാളുകൾ, മറ്റ് ആചരണങ്ങൾ എന്നിവയും ആരാധനക്രമത്തിൽ ഉൾപ്പെടുന്നു.

## 2.1. **ആരാധനക്രമം സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ**

### *2.1.1. മേദിയാത്തർ ദേയി*

12-ാം പീയൂസ് മാർപാപ്പായുടെ *മേദിയാത്തോർ ദേയി* (*Mediator Dei*, 1947) എന്ന ചാക്രികലേഖനം ആരാധനക്രമത്തെക്കുറിച്ച് ഇപ്രകാരം പഠിപ്പിക്കുന്നു: "നമ്മുടെ രക്ഷകൻ സഭയുടെ ശിരസ്സെന്ന നിലയിൽ പിതാവിനും വിശ്വാസികളുടെ സമൂഹം അതിന്റെ സ്ഥാപകനും അവൻ വഴി സ്വർഗ്ഗീയ പിതാവിനും സമർപ്പിക്കുന്ന പരസ്യാരാധനയാണ് ആരാധനക്രമം (MD 20).

### *2.1.2. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളിൽ*

രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരാധനക്രമത്തെക്കുറിച്ചു നിർവചിക്കുന്നതിനു പകരം ചില വിശദീകരണങ്ങളാണ് നല്കിയിട്ടുള്ളത്. അവയിൽ സുപ്രധാനങ്ങളായവ താഴെപ്പറയുന്നവയാണ്:

1) ആരാധനക്രമം മിശിഹായുടെ പുരോഹിതധർമ്മത്തിന്റെ നിർവ്വഹണമാണ് (SC 7).

2) ആരാധനക്രമത്തിൽ മനുഷ്യവിശുദ്ധീകരണം ദൃശ്യമായ അടയാളങ്ങളിലൂടെ പ്രകാശിപ്പിക്കപ്പെടുകയും സാക്ഷാത്ക്കരിക്കപ്പെടുകയും ചെയ്യുന്നു (SC 7).

3) ആരാധനക്രമത്തിൽ പൂർണ്ണമായ ദൈവാരാധന നിർവ്വഹിക്കുന്നത് മിശിഹായുടെ മൗതിക ശരീരമാണ്. അതായത് ശിരസ്സും അംഗങ്ങളും (SC 7).

4) ആരാധനക്രമത്തിലെ ഓരോ തിരുക്കർമ്മവും പുരോഹിതനായ മിശിഹായുടേയും അവിടുത്തെ ശരീരമായ സഭയുടെയും പ്രവൃത്തിയാകയാൽ അത് വിശുദ്ധവും ഉത്കൃഷ്ടവുമാണ് (SC 7).

5) സഭയുടെ യാതൊരു പ്രവർത്തനവും വൈശിഷ്ട്യത്തിലും ഫലദായകത്വത്തിലും ആരാധനാ തിരുക്കർമ്മങ്ങളെ പിന്നിലാക്കാൻ പോരുന്നതല്ല (SC 10).

6) സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് ഉന്മുഖമായിരിക്കുന്നത്.സഭയുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും ആരാധനക്രമത്തിൽ നിന്നാണ് (SC 10).

7) ആരാധനക്രമത്തിൽനിന്ന് വിശിഷ്യാ, പരിശുദ്ധ കുർബാനയിൽ നിന്ന് ഒരു ഉറവയിൽ നിന്നെന്നപോലെ കൃപാവരങ്ങൾ നമ്മിലേക്കു പ്രവഹിക്കുന്നു. അങ്ങനെ ദൈവമഹത്വീകരണവും മിശിഹായിലുള്ള മനുഷ്യവിശുദ്ധീകരണവും ഏറ്റവും ഫലവത്തായി നിർവ്വഹിക്കപ്പെടുന്നു. സഭയുടെ മറ്റെല്ലാ പ്രവർത്തനങ്ങളും അവയുടെ ലക്ഷ്യത്തിലേക്കെന്നപോലെ ഉന്നം വച്ചിരിക്കുന്നത് ദൈവമഹത്വീകരണത്തിലേക്കും മനുഷ്യവിശുദ്ധീകരണത്തിലേക്കുമാണ് (SC 10).

8) ആരാധനക്രമത്തിലൂടെ വിശിഷ്യാ, പരിശുദ്ധ കുർബാനയിലൂടെയാണ് നമ്മുടെ പരിത്രാണകർമ്മം നിർവ്വഹിക്കപ്പെടുന്നത്.മിശിഹാരഹസ്യവും സഭയുടെ യഥാർത്ഥ സ്വഭാവവും സ്വജീവിതത്തിൽ പകർത്തുകയും മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുകയും ചെയ്യുന്നതിന് വിശ്വാസികളെ സഹായിക്കുന്ന ഏറ്റം പ്രധാന മാർഗ്ഗമാണ് ആരാധനക്രമം (SC 2).

9) കർത്താവിന്റെ വിശുദ്ധാലയമായി ദൈവത്തിന്റെ ആത്മീയ വാസസ്ഥാനമായി സഭാംഗങ്ങളെ ആരാധനക്രമം അനുദിനം പടുത്തുയർത്തുന്നു (SC 2).

10) ആരാധനാകർമ്മങ്ങൾ രഹസ്യാചാരങ്ങളല്ല, മറിച്ച് സഭയുടെ പരസ്യമായ ആഘോഷങ്ങളാണ് (SC 26).

11) ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന മിശിഹാ സ്വർഗ്ഗീയജറുസലേമിൽ ആചരിക്കുന്ന ആരാധനക്രമത്തിന്റെ മുന്നാസ്വാദനമാണ് സ്വർഗ്ഗീയസൈന്യനിരയോടു ചേർന്നു നാം അർപ്പിക്കുന്ന ഭൗമികാരാധനക്രമം. സ്വർഗ്ഗീയ-ഭൗമിക ആരാധനക്രമങ്ങളുടെ സംഗമവേദിയാണിത് (SC 8).

### *2.1.3. ലിറ്റർജിയും പൗരസ്ത്യ കാനൻ നിയമ സംഹിതയും*

*ലിറ്റർജിയും പൗരസ്ത്യ കാനൻ നിയമ സംഹിതയും* എന്ന പ്രബോധനത്തിൽ ആരാധനക്രമത്തെ നിർവ്വചിച്ചിരിക്കുന്നത് ‘ ‘സ്വർഗ്ഗീയപിതാവിന്റെ അനന്തമായ തിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ട് നാഥനായ ഈശോമിശിഹായുടെ പെസഹായിൽ പൂർത്തീകരിക്കപ്പെട്ട നമ്മുടെ രക്ഷയുടെ രഹസ്യത്തിന്റെ പരിശുദ്ധാരൂപി വഴിയായുള്ള ആഘോഷമാണ് ലിറ്റർജി അഥവാ സഭയുടെ ആരാധന” (നമ്പർ 1) എന്നാണ്.

### *2.1.4. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*

ആരാധനക്രമത്തെ പരിശുദ്ധ ത്രിത്വത്തിന്റെ പ്രവൃത്തിയായി അവതരിപ്പിക്കുന്നു എന്നതാണ് മതബോധനഗ്രന്ഥത്തിലെ പ്രബോധനങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്ന്. മിശിഹാകേന്ദ്രീകൃതമായ ഒരു ദർശനത്തിൽനിന്ന് ത്രിത്വകേന്ദ്രീകൃതമായ ഒരു ദർശനത്തിലേക്കുള്ള മാറ്റം ഇവിടെ കാണാം. ലോകാരംഭം മുതൽ ലോകവസാനം വരെ നീണ്ടുനില്ക്കുന്നതും ‘രഹസ്യം’എന്നു വി. പൗലോസ് വിശേഷിപ്പിച്ചതുമായ ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ കൗദാശികമായ ആവിഷ്ക്കാരമെന്ന സമഗ്രമായ ഒരു ദർശനം ആരാധനക്രമത്തെക്കുറിച്ചു നല്കുവാനാണ് കത്തോലിക്കാ മതബോധനഗ്രന്ഥം ഉദ്യമിച്ചിട്ടുള്ളത് (CCC 1077-1109).

ആരാധനക്രമം പിതാവിൽ കേന്ദ്രീകൃതമാണ്. സ്വർഗ്ഗീയമായ എല്ലാ ആത്മീയ വരങ്ങളാലും മിശിഹായിൽ നമ്മെ അനുഗ്രഹിച്ച (എഫേ 1:3) പിതാവിന് വിശ്വാസത്തിലും സ്നേഹത്തിലും നല്കപ്പെടുന്ന പ്രത്യുത്തരമാണ് ക്രൈസ്തവ ആരാധനക്രമം. ആരാധനക്രമത്തിൽ സൃഷ്ടിയുടെയും രക്ഷയുടേതുമായ സകല അനുഗ്രഹങ്ങളുടെയും സ്രോതസ്സ് എന്ന നിലയിൽ പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെ തന്റെ പുത്രനിലൂടെ നമുക്കു നല്കി നമ്മെ അനുഗ്രഹിച്ചവനുമെന്ന നിലയിൽ പിതാവായ ദൈവം വാഴ്ത്തപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നു.

ആരാധനക്രമം പുത്രന്റെ പ്രവൃത്തിയാണ്.കാരണം, മഹത്ത്വീകൃതനായ മിശിഹാ പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് സഭയാകുന്ന തന്റെ ശരീരത്തിൽ പരിശുദ്ധാത്മാവിനെ ചൊരിഞ്ഞുകൊണ്ട് താൻ സ്ഥാപിച്ച കൂദാശകളിലൂടെ തന്റെ കൃപാവരം പകർന്നു കൊടുക്കുവാനായി പ്രവർത്തിക്കുന്നു.സഭയുടെ ആരാധനക്രമത്തിൽ മിശിഹാ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നത് പ്രധാനമായും തന്റെതന്നെ പെസഹാ രഹസ്യമാണ് (CCC 1085).

ആരാധനക്രമം പരിശുദ്ധാത്മാവിലൂടെ പൂർത്തീകരിക്കപ്പെടുന്നു. വിശ്വാസത്തിന്റെ പ്രത്യുത്തരം നമ്മിൽ ഉയർത്തിക്കൊണ്ട് മിശിഹായുമായുള്ള സമാഗമത്തിനു ദൈവജനമായ സഭയെ ഒരുക്കുന്നതും അവിടുത്തെ രക്ഷാകർമ്മത്തെ സന്നിഹിതവും യഥാർത്ഥവുമാക്കുന്നതും സഭയിൽ ഐക്യത്തിന്റെ ദാനത്തെ ഫലമണിയിക്കുന്നതും പരിശുദ്ധാത്മാവാണ്.

***2.1.5. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം സംക്ഷേപം***

സഭാപ്രബോധനങ്ങളെല്ലാം കണക്കിലെടുത്ത് ആരാധനക്രമം എന്നാൽ എന്താണെന്ന് *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം സംക്ഷേപം* എന്ന ഗ്രന്ഥത്തിൽ പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-ാമൻ പാപ്പാ വളരെ സമ്യക്കായ വിധത്തിൽ വ്യക്തമാക്കുന്നുണ്ട്. അതിപ്രകാരമാണ്: മിശിഹാരഹസ്യത്തിന്റെ പ്രത്യേകിച്ച് പെസഹാരഹസ്യത്തിന്റെ ആഘോഷമാണ് ആരാധനക്രമം. ഈശോമിശിഹായുടെ പൗരോഹിത്യധർമനിർവഹണത്തിലൂടെ ആരാധനക്രമത്തിൽ അടയാളങ്ങൾ വഴിയായി മനുഷ്യവിശുദ്ധീകരണം വെളിവാക്കപ്പെടുകയും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു. മിശിഹായുടെ മൗതികശരീരം -അതായത് ശിരസ്സും അവയവങ്ങളും ചേർന്ന് - ദൈവത്തിനു നല്കേണ്ട പൊതു ആരാധനയാണത്. (*CCCC* 218) .

**3. സഭ: ആരാധനാസമൂഹം**

ദൈവം തനിക്കായി ഒരു ജനത്തെ രൂപപ്പെടുത്തിയെടുക്കുന്നത് വി. ഗ്രന്ഥത്തിൽ കാണാം. മോശ വഴി ഇസ്രായേൽജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് അവിടുന്നു രക്ഷിച്ചെടുത്തത് അവരെ ഒരു ആരാധനാസമൂഹമാക്കാൻ വേണ്ടിയായിരുന്നു. ദൈവം മോശ വഴി ഫറവോയോടു പറഞ്ഞതിപ്രകാരമാണ്: "എന്നെ ആരാധിക്കാൻ വേണ്ടി എന്റെ ജനത്തെ വിട്ടയയ്ക്കുക"(പുറ 4:23). ശക്തമായ കരത്താൽ ഈജിപ്തിൽ നിന്ന്ഇസ്രായേലിനെ രക്ഷിച്ച ദൈവം സീനായ് മലയിൽവച്ചു മോശവഴി നടത്തിയ ഉടമ്പടിയിൽ വീണ്ടും പറഞ്ഞു: "നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്കു ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും... നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും"(പുറ 19:36). വിശുദ്ധിയോടെ ദൈവത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്ന ഒരു ആരാധനാസമൂഹമായി ഇസ്രായേലിനെ ദൈവം മാറ്റിയത് രക്ഷയുടെ അനുഭവം അവർക്കു നല്കികൊണ്ടും അവരുമായി ഉടമ്പടി ചെയ്തുകൊണ്ടുമാണ്.

പാപത്തിന്റെ അടിമത്തത്തിലായിരുന്ന ജനത്തെ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ മിശിഹായുടെ കുരിശിലെ മരണംവഴി രക്ഷയിലേക്കാനയിച്ച ദൈവം അവരെ തന്റെ സ്വന്തം ജനവും രാജകീയ പുരോഹിതഗണവും വിശുദ്ധജനവുമാക്കി (1 പത്രോ 1:9). ദൈവത്തിന്റെ ജനം അവിടുത്തേക്ക് പുരോഹിതശുശ്രൂഷ ചെയ്യുന്ന

ആരാധനാസമൂഹം ആയിരിക്കണമെന്നത് ദൈവഹിതമാണ്. രക്ഷിക്കപ്പെട്ടതും രക്ഷയിലേക്ക് വിളിക്കപ്പെട്ടതുമായ പുതിയദൈവജനമായ സഭയുടെയും അടിസ്ഥാനസ്വഭാവമാണ് ആരാധനാസമൂഹ മായിരിക്കുകയെന്നത്.

4. **അടയാളങ്ങളും പ്രതീകങ്ങളും**

അദൃശ്യമായ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുന്ന ദൃശ്യമായ ചിഹ്നങ്ങളാണ് അടയാളങ്ങൾ. അവ രണ്ടു പ്രകാരമുണ്ട്: സ്വാഭാവിക അടയാളങ്ങളും കല്പിത അടയാളങ്ങളും. അദൃശ്യമായ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുവാൻ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്ന ദൃശ്യമായ അടയാളങ്ങളാണ് പ്രതീകങ്ങൾ. സ്വാഭാവികാടയാളങ്ങളുടെ അർത്ഥം അതിന്റെ രൂപഭാവങ്ങളിൽനിന്ന് ഗ്രഹിക്കാമെങ്കിലും പ്രതീകങ്ങൾക്ക് ബോധപൂർവ്വം നല്കപ്പെടുന്ന അർത്ഥങ്ങളാണുള്ളത്. ചുരുക്കത്തിൽ, നേരിട്ടു പ്രാപ്യമല്ലാത്ത കാര്യങ്ങൾ എളുപ്പത്തിൽ അനുഭവമാക്കിത്തീർക്കുന്നതിന് സഹായകങ്ങളായി വർത്തിക്കുന്ന മാധ്യമങ്ങളാണ് അടയാളങ്ങളും പ്രതീകങ്ങളും.

അടയാളങ്ങളും പ്രതീകങ്ങളും തമ്മിൽ അർത്ഥത്തിന്റെയും പ്രാധാന്യത്തിന്റെയും അടിസ്ഥാനത്തിൽ ഗണ്യമായ വ്യത്യാസമുണ്ട്. അടയാളങ്ങൾ അദൃശ്യയാഥാർഥ്യത്തെ സൂചിപ്പിക്കുന്നു. എന്നാൽ പ്രതീകങ്ങൾ അദൃശ്യയാഥാർഥ്യത്തെ സൂചിപ്പിക്കുക മാത്രമല്ല സന്നിഹിതമാക്കുകയും ചെയ്യുന്നു. ബലിപീഠം ദൈവത്തിന്റെ സിംഹാസനത്തിന്റെയും കർത്താവിന്റെ കബറിടത്തിന്റെയും അടയാളം മാത്രമല്ല, പ്രതീകവുമാണ്. ദൈവികസിംഹാസനമെന്ന യാഥാർത്ഥ്യവും കർത്താവിന്റെ കബറിടമെന്ന യാഥാർത്ഥ്യവും ബലിപീഠത്തിൽ സത്യമായി ഭവിക്കുന്നുണ്ട്.

അദൃശ്യനായ ദൈവത്തെ നമുക്കു കാണിച്ചുതരുന്നതും അനുഭവമാക്കിത്തരുന്നതും മിശിഹായാണ്. ചരിത്രത്തിലൂടെ വെളിപ്പെടുത്തപ്പെട്ടവനെങ്കിലും ഇന്നും ബാഹ്യനയനങ്ങൾക്ക് അദൃശ്യനായ മിശിഹായെ അനുഭവമാക്കിത്തരുന്നത് സഭയാണ്. അതിനാൽ മിശിഹാ പിതാവിന്റെ കൂദാശയായിരിക്കുന്നതുപോലെ സഭ മിശിഹായുടെ കൂദാശയാണ്. രക്ഷിക്കപ്പെട്ട ദൈവജനം രക്ഷകനായ മിശിഹായോടു ചേർന്ന്, മിശിഹായിൽ പരിശുദ്ധാത്മാവിന്റെ സംസർഗ്ഗത്തിൽ പിതാവിനർപ്പിക്കുന്ന വിശ്വാസത്തിന്റെയും രക്ഷയുടെയും ആഘോഷമായ ആരാധനക്രമം സഭയിൽ ഇന്നു നിർവഹിക്കപ്പെടുന്നത് അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമാണ് അഥവാ കൗദാശികമായിട്ടാണ്. മിശിഹാതന്നെയോ തിരുസഭയോ ആണ് അദൃശ്യങ്ങളായ ദൈവികകാര്യങ്ങൾ സൂചിപ്പിക്കുവാൻ ആരാധനാക്രമത്തിൽ ദൃശ്യപ്രതീകങ്ങൾ തിരഞ്ഞെടുത്തത് (SC 33).

രക്ഷാകർമ്മത്തെ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും പുനരാവിഷ്ക്കരിക്കുമ്പോൾ ചരിത്രത്തിൽ യാഥാർത്ഥ്യമായതും ലോകവസാനത്തോളം അനുഭവവേദ്യമാകുന്നതുമായ രക്ഷയാണ് ആഘോഷിക്കപ്പെടുന്നത്. സമയത്തിന്റെ മൂന്ന് മാനങ്ങൾ ഇവയിലെല്ലാം കാണാം: ഭൂതകാലസംഭവങ്ങളും അവയുടെ അനുസ്മരണവും (മിശിഹായിൽ നിറവേറിയ രക്ഷാകരരഹസ്യങ്ങളുടെ ഭൂതകാല സ്മരണ) വർത്തമാനകാലവും ദൈവാരാധനയും (സഭ ഇന്ന് രക്ഷാകരരഹസ്യങ്ങളെ ആഘോഷിക്കുന്നത്) ഭാവികാലവും മുന്നാസ്വാദനവും (ഭാവിയിൽ സമ്പൂർണമാകേണ്ട സ്വർഗ്ഗീയാരാധനയുടെ മുന്നാസ്വാദനം). ഈ ത്രിവിധ യാഥാർത്ഥ്യങ്ങൾ ഏറ്റവും

അനുഭവവേദ്യവും ഹൃദയസ്പർശിയുമായിരിക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ് അടയാളങ്ങളും പ്രതീകങ്ങളും. സഭഭൂമിയിൽ നടത്തുന്ന ആരാധന, അടയാളങ്ങൾ കൊണ്ടും പ്രതീകങ്ങൾ കൊണ്ടും നെയ്യപ്പെട്ടതാണെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും പ്രസ്താവിക്കുന്നു (CCC 1145). അതുകൊണ്ട് അടയാളങ്ങളും പ്രതീകങ്ങളും അവ സൂചിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളും എന്തെന്നു മനസ്സിലാക്കിയാൽ മാത്രമേ ദൈവാരാധനയിൽ അർത്ഥവത്തായി പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം* പറയുന്നു: ' 'രക്ഷയുടെ ദൈവികമായ ബോധനശാസ്ത്രമനുസരിച്ച് അവയുടെ (അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും) അർത്ഥം സൃഷ്ടികർമ്മത്തിലും മാനവസംസ്കാരത്തിലും വേരുറച്ചതാണ്"( CCC 1145).

### *4.1. ആരാധനക്രമത്തിലെ ശാരീരികനിലപാടുകൾ*

**നില്ക്കുന്നത്:** പരമ്പരാഗതമായി ഉത്ഥാനത്തെ സൂചിപ്പിക്കുന്ന നിലപാടാണ് നില്ക്കുക എന്നത്. ആദരവിന്റെയും സന്തോഷത്തിന്റെയും സ്വർഗ്ഗീയ പ്രത്യാശയുടെയും അടയാളവും കൂടിയാണിത്.

**കിഴക്കിനഭിമുഖം നില്ക്കുന്നത്:** കിഴക്കോട്ട് തിരിഞ്ഞുനിന്ന് ദൈവാരാധന നടത്തുകയാണ് സഭയിലെ അതിപുരാതന പാരമ്പര്യം. ഇത് ശ്ലീഹന്മാരിൽനിന്നുത്ഭവിച്ച ഒരു അലിഖിത പാരമ്പര്യമാണെന്ന് ഡമാസ്കസിലെ വി. യോഹന്നാൻ പ്രസ്താവിക്കുന്നുണ്ട്.[12] സഭാപാരമ്പര്യത്തിൽ കിഴക്കോട്ട് തിരിയുന്നതിനെ 'കർത്താവിങ്കലേക്കു തിരിയുക' എന്നഅർഥത്തിലാണ് മനസ്സിലാക്കിയിരുന്നത്. ഭൂമിശാസ്ത്രപരമായി കിഴക്ക് ദിക്കിലല്ലെങ്കിലും ദൈവാലയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ലീവായിലേയ്ക്ക് ജനത്തോടെപ്പം കാർമ്മികനും തിരിഞ്ഞാണ് പ്രാർത്ഥിക്കേണ്ടത്. ഇത് സഭയുടെ തീർത്ഥാടകസ്വഭാവവും വ്യക്തമാക്കുന്നു.

**മുട്ടുകുത്തുന്നത്:** പാപാവസ്ഥ, അനുതാപം, ആരാധന, വിധേയത്വം, ആദരവ്, അനുസരണം എന്നിവ സൂചിപ്പിക്കുന്നു.

**ശിരസ്സുനമിക്കുന്നത്:** കൃതജ്ഞത, വിധേയത്വം, ബഹുമാനം, ആരാധന എന്നീ മനോഭാവങ്ങൾ സൂചിപ്പിക്കുന്നു.

**സാഷ്ടാംഗപ്രണാമം** ഗാഢമായ ആരാധനയുടെയും തീക്ഷ്ണമായ അയോഗ്യതാപ്രകടനത്തിന്റെയും അടയാളമാണ്.

**കൈകൾ വിരിച്ചുപിടിക്കുന്നത്:** പ്രാർത്ഥനയുടേയും ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നതിന്റെ അടയാളവുമാണിത്.

**കൈകൾ കൂപ്പുന്നത്:** ഭക്തിയും ബഹുമാനവും ആദരവും സൂചിപ്പിക്കുന്നു.

**ചുംബിക്കുന്നത്:** സ്നേഹാദരവുകളും ബഹുമാനവും സൂചിപ്പിക്കുന്നു. (സ്ലീവായും, സുവിശേഷഗ്രന്ഥവും (*എവൻഗലിയോൻ*) ബലിപീഠവും ചുംബിക്കുന്നു).

**കുരിശടയാളം വരയ്ക്കുന്നത്:** കുരിശിലെ ബലിയെ സൂചിപ്പിക്കുന്നു. കുരിശിന്റെ നാമത്തിൽ വിശുദ്ധീകരിക്കുന്നു. ത്രിത്വൈകദൈവത്തെ മഹത്വപ്പെടുത്തുന്നു.

### 5. **സജീവഭാഗഭാഗിത്വം**

ആരാധനക്രമം പരിപൂർണഫലം ഉളവാക്കാൻ വിശ്വാസികളുടെ സജീവഭാഗഭാഗിത്വം ആവശ്യമാണ്. അതിനാൽ 'വിശ്വാസികൾ അനുഗുണമായ മനോഭാവത്തോടെ വിശുദ്ധരഹസ്യങ്ങളെ സമീപിക്കുകയും, ഏകാഗ്രചിത്തരായി അതിൽ സംബന്ധിക്കുകയും, കൃപാവരം പ്രാപിക്കാൻ അതിനോടു സഹകരിച്ചു പ്രവർത്തിക്കുകയും വേണം'(SC 11). ആരാധനക്രമത്തിൽ, പ്രത്യേകിച്ച്, അതിന്റെ കേന്ദ്രബിന്ദുവായ വിശുദ്ധ കുർബാനയിൽ

സജീവമായി പങ്കുചേരേണ്ടതെങ്ങനെയെന്ന് അതിലെ പ്രാർത്ഥനകൾ തന്നെ വ്യക്തമാക്കുന്നു:'തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ', 'ഭക്തിയോടും ശ്രദ്ധയോടുംകൂടെ', 'കണ്ണുകൾ താഴ്ത്തി വിചാരങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തി', 'നിശ്ശബ്ദരായി ആദരപൂർവ്വം നിന്ന്,' 'കഴുകി വെടിപ്പാക്കപ്പെട്ട ഹൃദയത്തോടും നിർമ്മലമായ മന:സാക്ഷിയോടും കൂടെ' എന്നീ പ്രയോഗങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. 'മിശിഹായോടു ചേർന്നാണ് നാം ബലിയർപ്പിക്കുന്നത്' എന്ന ചിന്ത നമ്മുടെ ബലിയിലുളള ഭാഗഭാഗിത്വം സമ്പൂർണവും ബോധപൂർവ്വകവും സജീവവുമാക്കുന്നതിനു സഹായിക്കും. ഇപ്രകാരം ബലിയർപ്പിക്കുന്നതിനു ബാഹ്യവും ആന്തരികവുമായ ഒരുക്കങ്ങളും നാം ചെയ്യേണ്ടതുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു: ' 'വിശ്വാസത്തിന്റെ ഈ രഹസ്യത്തിൽ വിശ്വാസികൾ ഭാഗഭാക്കുകളാകുമ്പോൾ അപരിചിതരെപ്പോലെയോ നിശബ്ദപ്രേഷകരെപ്പോലെയോ ആകാതെ തിരുക്കർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം ഗ്രഹിച്ച്, തങ്ങൾ ചെയ്യുന്നതെന്താണെന്നുളള ബോധത്തോടും ഭക്തിയോടും സഹകരണത്തോടുംകൂടി വേണം അവർ അതിൽ പങ്കെടുക്കാൻ" (SC 48). അതിനു വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകൾ ശ്രദ്ധാപൂർവ്വം ചൊല്ലണം, ഉചിതമായ ഗാനങ്ങൾ ആലപിക്കണം, അവിടെ പരികർമ്മം ചെയ്യപ്പെടുന്ന ദിവ്യകർമ്മങ്ങളുടെ ആന്തരികാർത്ഥം പഠിച്ചറിയണം. എല്ലാറ്റിലുമുപരി അനുതാപപൂർണ്ണമായ ഹൃദയത്തോടെയും സഹോദരങ്ങളുമായി രമ്യതപ്പെട്ടും വിശുദ്ധിയോടും വിനയത്തോടും കൂടി ദൈവസന്നിധിയിൽ വ്യാപരിക്കണം. നമ്മുടെ രക്ഷയുടെ അച്ചാരമായ വിശുദ്ധ കുർബാന നിത്യജീവൻ നൽകുന്ന അപ്പവും, ഔഷധവുമാണെന്ന ഓർമ്മയോടെ അതു സ്വീകരിക്കാൻ നാം ഒരുങ്ങുകയും വേണം.

ആരാധനക്രമങ്ങളിൽ പൂർണ്ണമായും ബോധപൂർവകവും കർമ്മോത്സുകവുമായ രീതിയിലും ഭാഗഭാക്കുകളാകാൻ എല്ലാ വിശ്വാസികളും പരിശീലിക്കണമെന്നാണ് തിരുസ്സഭാമാതാവിന്റെ തീവ്രാഭിലാഷം (SC 14). ആരാധനക്രമസ്വഭാവം തന്നെ ഇതാവശ്യപ്പെടുന്നു. തങ്ങളെത്തന്നെ പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ സജീവ ബലിയാക്കി സമർപ്പിച്ചുകൊണ്ട് ആത്മീയാരാധന നടത്താൻ വി.പൗലോസ് റോമാക്കാരെ ഉപദേശിച്ചത് (റോമ 12 : 1) ഇന്നും തികച്ചും പ്രസക്തമാണ്.

തിരഞ്ഞെടുക്കപ്പെട്ട ജനത, രാജകീയപുരോഹിതജനം, വിശുദ്ധജനപദം, രക്ഷിക്കപ്പെട്ട ജനം( 1 പത്രോ 1:9; 2:45) എന്നീ നിലകളിൽ ക്രിസ്തീയ വിശ്വാസികളുടെ ഈ ഭാഗഭാഗിത്വം മാമ്മോദീസായുടെ ഫലമായ അവരുടെ അവകാശവും ധർമ്മവുമാണ് (SC 114). കർമ്മോത്സുക ഭാഗഭാഗിത്വം വർദ്ധമാനമാക്കാൻ മറുപടി പ്രാർത്ഥനകൾ, സങ്കീർത്തനങ്ങൾ, ഇരുഭാഗമായുള്ള പ്രാർഥനകൾ, സ്തുതിപ്പുകൾ, ആചാരചേഷ്ടകൾ, ശാരീരികഭാവങ്ങൾ എന്നീ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ വിശ്വാസികളെ പഠിപ്പിക്കണം. സമൂഹം നല്കേണ്ട പങ്കാളിത്വം ബാഹ്യമായി പ്രകടിപ്പിക്കാൻ സാധിക്കത്തക്കവിധം ഒരു ശുശ്രൂഷ ഏല്പിക്കപ്പെട്ടവർ (പുരോഹിതർ, മ്ശംശാനാമാർ, വായനക്കാർ, ഗായകർ, വ്യാഖ്യാതാക്കൾ, ഗായകസംഘം തുടങ്ങിയവർ) സമൂഹത്തെ നയിക്കയല്ലാതെ അതിനു പകരം നില്ക്കയല്ല വേണ്ടത് എന്ന് *ലിറ്റർജിയും പൗരസ്ത്യ കാനൻ നിയമ സംഹിതയും*

*(നമ്പർ 33)* എന്ന പ്രബോധനം പഠിപ്പിക്കുന്നു. ഇതിനാവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശവും നല്കാനുള്ള ഉത്തരവാദിത്വം ആത്മീയപാലകർക്കുണ്ട്.

### 6. ആരാധനക്രമത്തിന്റെ സാംസ്കാരികാനുരൂപണം (Inculturation)

തിരുസഭയിൽ വ്യത്യസ്തങ്ങളായ വ്യക്തിസഭകളും ആരാധനാപാരമ്പര്യങ്ങളും ഉടലെടുത്തതു സഭയുടെ വിശ്വാസം വ്യത്യസ്തമായ സാംസ്കാരികപാരമ്പര്യങ്ങളിൽ പ്രഘോഷിക്കപ്പെട്ടതുമൂലമാണ്. അതിനാൽ വിശ്വാസത്തിന്റെ ആഘോഷമായ ആരാധന വ്യത്യസ്ത ജനതകളുടെ പ്രതിഭയ്ക്കും സംസ്കാരത്തിനും ചേർന്നതായിരിക്കണം (CCC 1204). ആരാധനക്രമത്തിൽ പരികർമ്മം ചെയ്യുന്നത് ദൈവികരഹസ്യങ്ങളാണ്. എന്നാൽ അത് പരികർമ്മം ചെയ്യപ്പെടുന്നത് വിവിധ സ്ഥലകാലങ്ങളിലും ഭാഷകളിലും സംസ്കാരങ്ങളിലും ജീവിക്കുന്ന മനുഷ്യർക്കുവേണ്ടിയാണ്. സാംസ്കാരികാനുരൂപണത്തിന്റെയും പ്രാദേശികഭാഷയുടെയും ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. എങ്കിലും പരികർമ്മം ചെയ്യപ്പെടുന്ന വിശ്വാസരഹസ്യങ്ങൾ ചരിത്രസത്യങ്ങളാകയാൽ അതു സംഭവിച്ച സ്ഥലം, കാലം, ഭാഷ, മത–സാംസ്കാരിക പശ്ചാത്തലം എന്നിവയുടെ സ്വാധീനം അവഗണിക്കുവാൻ പാടില്ല. സഭയുടെ വിശ്വാസഭണ്ഡാഗാരത്തിന്റെ ഭാഗമായ ആരാധനയിൽ, സർവ്വോപരി കൂദാശകളുടെ ആഘോഷത്തിൽ ദൈവികമായി സ്ഥാപിക്കപ്പെട്ടതും സഭയുടെ സൂക്ഷിപ്പിനായി ഏല്പിക്കപ്പെട്ടിട്ടുള്ളതുമായ ഭേദപ്പെടുത്താനാവാത്ത ഭാഗങ്ങളുണ്ട്. അതുപോലെതന്നെ മാറ്റം വരുത്താവുന്ന ഭാഗങ്ങളുമുണ്ട്. സുവിശേഷവത്കരിക്കപ്പെട്ട ജനതയ്ക്കുവേണ്ടി പ്രത്യേകിച്ചും, നവമായി സുവിശേഷം സ്വീകരിച്ചവർക്കുവേണ്ടി മാത്രം സാംസ്കാരികാനുരൂപണം നടത്തുമ്പോൾ പൊതുവിശ്വാസത്തോടും, മിശിഹായിൽനിന്ന് സഭ സ്വീകരിച്ച കൗദാശികാടയാളങ്ങളോടും ഹയരാർക്കിപരമായ സംസർഗ്ഗത്തോടും വിശ്വസ്തത പുലർത്തണം എന്ന് സഭ അനുശാസിക്കുന്നു (CCC 1205). അതോടൊപ്പം ആരാധനക്രമത്തിൽ വിശ്വാസമോ പൊതുനന്മയോ ഉൾപ്പെടാത്ത കാര്യങ്ങളിൽ കർക്കശമായ ഐക്യരൂപ്യം അടിച്ചേല്പിക്കനാനും സഭ ആഗ്രഹിക്കുന്നില്ല (SC 37). സത്താപരമായ ഐക്യം പരിരക്ഷിക്കാനും നിയമാനുസൃതവ്യതിയാനങ്ങൾക്കും അനുരൂപണങ്ങൾക്കുമുള്ള സാധ്യത പരിഗണിക്കാനും സൂനഹദോസ് ആവശ്യപ്പെടുന്നുണ്ട് (SC 38).

### 7. സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമായ ആരാധനക്രമം

'വിശ്വാസത്തിന്റെ പിതൃസ്വത്ത് പാരമ്പര്യം വഴിയാണ് സ്വീകരിക്കപ്പെടുന്നത്' എന്ന് *ലിറ്റർജിയും പൗരസ്ത്യകാനൻസംഹിതയും* എന്ന പ്രബോധനത്തിൽ പ്രസ്താവിക്കുന്നു (നമ്പർ 17). ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലൂടെയും മിശിഹായുടെ രക്ഷാകരമായ ജീവിതമരണോത്ഥാനങ്ങളിലൂടെയും വെളിവായ ദൈവത്തിന്റെ രക്ഷാകരമായ ആവിഷ്കാരമാണ് വിശ്വാസത്തിന്റേയും തദ്വാരാ പാരമ്പര്യത്തിന്റെയും കാതൽ. എല്ലാവരുടേയും രക്ഷയ്ക്കുവേണ്ടി ദൈവം വെളിപ്പെടുത്തിയവ അഭംഗുരമായും ശാശ്വതമായും നിലനിർത്തുക, തലമുറകളിലേയ്ക്ക് പകർന്നുകൊടുക്കുക എന്നത് ദൈവത്തിന്റെ തിരുവിഷ്ടമാണ്. ഈ തിരുഹിതാനുസാരമാണ് തന്നിൽത്തന്നെ വെളിപാട് പൂർത്തീകരിച്ച മിശിഹാ രക്ഷയുടെ സുവിശേഷം സകലജനതകളോടും പ്രഘോഷിക്കുവാൻ ശ്ലീഹന്മാരെ നിയോഗിച്ചത്. ശ്ലീഹന്മാരുടെ പ്രഘോഷണം, പ്രബോധനം, അപ്പംമുറിയ്ക്കൽ, കൂട്ടായ്മ, പ്രാർത്ഥന എന്നിവയെല്ലാം ഈ രക്ഷാകരരഹസ്യങ്ങൾ പങ്കുവെയ്ക്കുന്നതിനും ശ്ലൈഹികപാരമ്പര്യം രൂപപ്പെടുന്നതിനും നിമിത്തമായി.

ശ്ലൈഹികപാരമ്പര്യത്തിൽനിന്നും സഭാത്മകപാരമ്പര്യത്തിലേക്കുള്ള നീക്കം ക്രമാനുഗതമാണ്. സുവിശേഷങ്ങൾ രൂപം കൊള്ളുന്നതിനു മുമ്പുതന്നെ അത് എഴുതപ്പെട്ട സഭകളിൽ അവയുടെ സജീവപാരമ്പര്യം നിലനിന്നു. ആ സജീവ പാരമ്പര്യമാണ് സുവിശേഷങ്ങളുടെ തന്നെ മൂലരൂപം.വിരചിതമായ വചനത്തിലൂടെയുള്ള പാരമ്പര്യത്തിന്റെ കൈമാറലാണ് രണ്ടാം ഘട്ടം. ഇപ്രകാരം വാമൊഴിയായി ആരംഭിച്ച് വരമൊഴിയായി മാറിയ ലിഖിതങ്ങളും അവയെ ആസ്പദമാക്കി കാലാകാലങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ സഭാപിതാക്കന്മാർ നല്കിയ പ്രബോധനങ്ങളും സഭ ഔദ്യോഗികമായി നല്കുന്ന വ്യാഖ്യാനങ്ങളും പാരമ്പര്യത്തിന്റെ ഭാഗമായിതീർന്നു. മറ്റുവാക്കിൽ, മിശിഹായിൽനിന്ന് ശ്ലീഹന്മാർ ഏറ്റുവാങ്ങിയതും ആദിമസഭാസമൂഹത്തിനു കൈമാറിയതും സഭാപിതാക്കന്മാരുടെയും ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെയും പ്രബോധനങ്ങളിലൂടെയും, വിശുദ്ധരും രക്തസാക്ഷികളുമായവരുടെ ജീവിതസാക്ഷ്യത്തിലൂടെയും വിശ്വാസികളുടെ സമൂഹമായ സഭയുടെ ജീവിതത്തിലൂടെയും ആരാധനയിലൂടെയും പരിപോഷിപ്പിക്കപ്പെട്ട് അവിച്ഛിന്നമായി നിലനിന്നുപോരുന്നതും തലമുറകളിലേക്ക് കൈമാറപ്പെടുന്നതുമായ രക്ഷയുടെ അനുഭവവും ആചാരാനുഷ്ഠാനങ്ങളുമാണ് വി.പാരമ്പര്യം. തന്മൂലം വി. പാരമ്പര്യത്തെയും വി. ലിഖിതത്തെയും വേർതിരിച്ചു കാണാനാവില്ല. അവ രണ്ടും പരസ്പര പൂരകങ്ങളാണ് (DV 7- 10).

വിശ്വാസത്തിന്റെ ഈ പിതൃസ്വത്ത് സ്വീകരിക്കുകയും (received) കാത്തുസൂക്ഷിക്കുകയും (conserved) മുറുകെപിടിക്കുകയും (hold fast) കൈമാറ്റം ചെയ്യുകയും (transmitted) ചെയ്യുമ്പോഴാണ് പാരമ്പര്യം നിലനില്ക്കുന്നത്. സഭയിലാണിത് സംഭവിക്കുന്നത്. അതിനാൽ പാരമ്പര്യമെന്നത് ആത്മാവിനാൽ നയിക്കപ്പെടുന്ന സഭയുടെ ജീവിതമാണ് ( cf. DV, 8). സഭയിൽ മിശിഹായേയും അവിടുത്തെ പ്രബോധനങ്ങളേയും ജീവിതത്തേയും രക്ഷാകരമായ സംഭവങ്ങളേയും കേന്ദ്രമാക്കിയുള്ള ശ്ലീഹന്മാരുടെ പ്രബോധനങ്ങളും പ്രഘോഷണങ്ങളും ആരാധനകളും വിശ്വാസികളുടെ ഇടയിലെ കൂട്ടായ്മയും സാഹോദര്യവും പൂർണ്ണമായും സമന്വയിക്കപ്പെടുന്നതും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും വിശ്വാസത്തിന്റെ ആഘോഷമായ ആരാധനക്രമത്തിലൂടെയാണ് .

സഭ ഏകമായിരിക്കുന്നതുപോലെ സഭയുടെ വിശുദ്ധപാരമ്പര്യവും ഏകമാണ്; സഭയിൽ വിവിധസഭകളുള്ളതുപോലെ വിശുദ്ധ പാരമ്പര്യത്തിൽ വിവിധപാരമ്പര്യങ്ങളുമുണ്ട്. വിവിധ സഭകളിലൂടെ നിലനിൽക്കുന്ന പുരാതന പാരമ്പര്യങ്ങൾ കത്തോലിക്കാ സഭയുടെ പൊതുവായ വിശ്വാസപൈതൃകമാണ്. ഈ പൈതൃകസമ്പത്ത് അനുഭവിച്ചാസ്വദിച്ച സഭാപിതാക്കന്മാർ ഇവയ്ക്ക് കാലാകാലങ്ങളിൽ വിശദീകരണവും നല്കിയിട്ടുണ്ട്. ഇപ്രകാരം ഓരോ സഭയിലുംപെട്ട സഭാപിതാക്കന്മാർ ആദിമ പാരമ്പര്യത്തിന്റെ സജീവ വക്താക്കളാണ്. സഭാപിതാക്കന്മാരിലൂടെ കൈവന്ന അപ്പസ്തോലിക പാരമ്പര്യം സാർവ്വത്രികസഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഒരു ഭാഗമാണ് (OE 1).

**8.സഭയും സഭാപാരമ്പര്യങ്ങളും**

പരിശുദ്ധ ത്രിത്വത്തിൽനിന്ന് ഉത്ഭവിച്ച സഭ, ചരിത്രപരമായി ജന്മം കൊണ്ടത് ജറുസലെമിൽ, ഈശോയുടെയും അവിടുത്തെ ശിഷ്യരുടെയും സ്വന്തമായ യഹൂദമതസാംസ്ക്കാരിക പശ്ചാത്തലത്തിലാണ്. അതുകൊണ്ട് സഭയുടെ പിള്ളത്തൊട്ടിൽ യഹൂദ (സെമി

റ്റിക്) സംസ്ക്കാരമാണ്. ഭൂമിശാസ്ത്രപരമായി അത് പൗരസ്ത്യദേശത്താണ് (OL 5). ശ്ലീഹന്മാരുടെ പ്രസംഗം വഴി സുവിശേഷം ജറുസലെമിൽ നിന്നും അന്നത്തെ പ്രധാന ഗ്രീക്കു പട്ടണങ്ങളിലേക്കും റോമാ സാമ്രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലേക്കും വ്യാപിച്ച് ലോകത്തിന്റെ അതിർത്തികൾ വരെ ചെന്നെത്തി. അങ്ങനെ സഭകൾ സ്ഥാപിതമായി. ശ്ലീഹന്മാർ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തത് കർത്താവും രക്ഷകനുമായ മിശിഹായെക്കുറിച്ചാണ്. എങ്കിലും ഓരോരുത്തരും മിശിഹാനുഭവം സ്വാംശീകരിച്ചതും പങ്കുവച്ചതും സ്വന്തമായ വ്യക്തിത്വസവിശേഷതകളോടുകൂടിയായിരുന്നു. സുവിശേഷസന്ദേശം സ്വീകരിച്ച സമൂഹങ്ങൾ ഒന്ന് മറ്റൊന്നിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഭാഷ, സംസ്ക്കാരം, ജീവിതരീതികൾ, ആചാരക്രമങ്ങൾ, രാഷ്ട്രീയ സാമൂഹികമായ പശ്ചാത്തലം എന്നീ കാര്യങ്ങളിലും ഈ വ്യത്യാസം പ്രകടമായിരുന്നു. ഇപ്രകാരം വ്യത്യസ്ത സാമൂഹിക സാംസ്ക്കാരിക അനുഭവ പശ്ചാത്തലങ്ങളിൽ ശ്ലീഹന്മാർ ജനങ്ങൾക്ക് സുവിശേഷം പകർന്നു കൊടുത്തപ്പോൾ വ്യത്യസ്ത സഭകൾ രൂപം കൊണ്ടു. അങ്ങനെ അന്നത്തെ മൂന്നു പ്രധാന സംസ്ക്കാരങ്ങളിൽ - സെമിറ്റിക്, ഗ്രീക്ക്, റോമൻ സംസ്കാരങ്ങളിൽ- സഭ വേരു പിടിക്കുകയും ശ്ലീഹന്മാരിൽ നിന്നു ലഭിച്ച സുവിശേഷ ചൈതന്യത്തിലധിഷ്ഠിതമായി മൂന്നു സഭാപാരമ്പര്യങ്ങൾ ഉടലെടുക്കുകയും ചെയ്തു.അവ ഇന്ന് സിറിയക് ഓറിയന്റ്, ഗ്രീക്ക് ഈസ്റ്റ്, ലാറ്റിൻ വെസ്റ്റ് എന്നിങ്ങനെ അറിയപ്പെടുന്നു. അതിനാൽ, ആദിമസഭയുടെ പാരമ്പര്യം ഏതെങ്കിലുമൊരു പ്രത്യേക സഭയിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ല. അവ ആദിമ നൂറ്റാണ്ടുകളിൽത്തന്നെ രൂപംകൊണ്ട മേല്പറഞ്ഞ വിവിധ സഭാപാരമ്പര്യങ്ങളിലാണ് കൂടികൊള്ളുന്നത്.

### 9. പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യങ്ങൾ

സഭയെക്കുറിച്ചു പറയുമ്പോൾ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും പൊതുവെ പറയാറുണ്ട്. ഈ വിഭജനത്തിനടിസ്ഥാനം ഭൂമിശാസ്ത്രപരമാണ്. ഏ. ഡി മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ റോമാ സാമ്രാജ്യാധിപനായിരുന്ന ഡയോക്ലീഷൻ (284-305) ചക്രവർത്തി സാമ്രാജ്യം നാലായി വിഭജിച്ചു. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ (395) അത് രണ്ടായിത്തീർന്നു. പുരാതന റോമാ സാമ്രാജ്യത്തിന്റെ പാശ്ചാത്യഭാഗത്തു വളർന്നു വികസിച്ച സഭകൾ പാശ്ചാത്യസഭകളെന്നും പൗരസ്ത്യഭാഗത്തു വളർന്നു വികസിച്ച സഭകൾ പൗരസ്ത്യസഭകളെന്നും അറിയപ്പെടുന്നു. റോമാസാമ്രാജ്യത്തിനു പുറത്തും ശ്ലീഹന്മാർ സഭകൾ സ്ഥാപിച്ചിരുന്നു. തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ സഭയും പേർഷ്യൻ സാമ്രാജ്യത്തിൽ വളർന്ന സെലൂഷ്യാ- സ്റ്റെസിഫോൺ സഭയും എദേസായിലെയും മെസപ്പൊട്ടേമിയായിലെയും സഭകളും അപ്രകാരമുള്ളവയാണ്. കാലക്രമേണ പാശ്ചാത്യവിഭാഗത്തിൽപ്പെടാത്ത സഭകൾക്കെല്ലാം പൗരസ്ത്യസഭകൾ എന്ന പേര് പ്രാബല്യത്തിൽ വന്നു. തിരുസഭയുടെ വിശുദ്ധ പാരമ്പര്യം കുടികൊള്ളുന്നത് പൗരസ്ത്യവും പാശ്ചാത്യവുമായ സിറിയക് ഓറിയന്റ്, ഗ്രീക്ക് ഈസ്റ്റ്, ലാറ്റിൻ വെസ്റ്റ് എന്നീ മൂന്നു സഭാപാരമ്പര്യങ്ങളിലും കൂടിയാണ്. അവയിൽ ആദ്യത്തേതു രണ്ടും പൗരസ്ത്യപാരമ്പര്യത്തിൽപ്പെടുന്നു.

### 10. സ്വയാധികാരസഭയും (വ്യക്തിസഭ) ആരാധനക്രമവും

കത്തോലിക്കാകൂട്ടായ്മയിൽ മൂന്നു സഭാപാരമ്പര്യങ്ങളിലായി 23സ്വയാധികാരസഭകൾ - 22 പൗരസ്ത്യസഭകളും ഒരു പാശ്ചാത്യസഭയും - ഉണ്ട്. നിയമാനുസൃത ഹയരാർക്കിയാൽ കൂട്ടിയോജിപ്പിക്കപ്പെട്ടതും ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത,

ശിക്ഷണക്രമം എന്നിവയിൽ പ്രകാശിതമായതും സ്വയാധികാരമുള്ളതെന്ന് (പ്രത്യക്ഷമായോ പരോക്ഷമായോ) ഔദ്യോഗികമായി സഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടതുമായ ക്രൈസ്തവവിശ്വാസികളുടെ ഒരു സമൂഹത്തെയാണ് സ്വയാധികാരസഭ (*Sui iuris Church)* എന്ന് വിളിക്കുന്നത്. (CCEO,27). സ്വയാധികാരസഭയെ വ്യക്തിസഭ (Individual Church)എന്നും വിളിക്കാറുണ്ട്. ഓരോ സ്വയാധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ചുകൊണ്ട് വെളിവാക്കുന്ന പൈതൃകത്തെയാണ് റീത്ത് എന്ന് പൗരസ്ത്യ കാനൻ നിയമസംഹിത വിവക്ഷിക്കുന്നത് (CCEO,28). അവ അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, പൗരസ്ത്യസുറിയാനി (കാൽഡിയൻ) ബൈസന്റയിൻ (കോൺസ്റ്റാന്റിനോപ്പോളിറ്റൻ) എന്നീ പൗരസ്ത്യ പാരമ്പര്യങ്ങളിൽ നിന്നും റോമൻ (ലത്തീൻ) പാശ്ചാത്യപാരമ്പര്യത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളവയാണ്. എങ്കിലും വിശ്വാസം, കൂദാശകൾ, ശുശ്രൂഷാസംവിധാനം (ഹയരാർക്കി) എന്നിവയാൽ അവ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു (OE 2). ഈ ആറു പാരമ്പര്യങ്ങൾ സഭയുടെ ഔദ്യോഗികമായ ആറു ആരാധനാക്രമങ്ങളെ കേന്ദ്രീകരിച്ചാണ് നിലകൊള്ളുന്നത്. ഓരോ സഭയുടെയും തനിമ നിർണ്ണയിക്കുന്നതിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ആരാധനക്രമം.

**11. ആരാധനക്രമവും റീത്തുകളും**

പന്താക്കുസ്തായ്ക്കുശേഷം ശ്ലീഹന്മാരുടെ നേതൃത്വത്തിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സഭാസമൂഹങ്ങൾ രൂപംകൊണ്ടു. തങ്ങൾക്കു ലഭിച്ച ക്രിസ്ത്വനുഭവം പങ്കുവയ്ക്കപ്പെട്ട ഓരോ സ്ഥലത്തെയും ഭാഷ, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയാൽ സാത്മീകരിക്കപ്പെട്ടാണ് സഭാസമൂഹങ്ങൾ വളർന്നുവന്നത്. ബലിയർപ്പണം, കൂദാശാനുഷ്ഠാനങ്ങൾ, പ്രാർത്ഥനകൾ എന്നിവയിൽ ഇവയുടെ പ്രതിഫലനം പ്രകടമായിരുന്നു. തനതായ വ്യക്തിത്വം പുലർത്തി വളർന്നുവന്ന ആരാധനക്രമങ്ങളെ ഉദ്ദേശിച്ച് ക്രമേണ റീത്ത് എന്ന പദമുപയോഗിക്കാൻ തുടങ്ങി.

പിന്നീട്, റീത്തിനു കൂടുതൽ അർത്ഥവ്യാപ്തിയുണ്ടായി. ആരാധനാക്രമം, നോമ്പ്, ഉപവാസം, തിരുവസ്ത്രങ്ങൾ കാനൻനിയമങ്ങൾ, ഹയരാർക്കി, ഭരണരീതി, ആചാരങ്ങൾ എന്നിവയും റീത്തിന്റെ ഘടകങ്ങളായിത്തീർന്നു. ഇവയെല്ലാം ഉൾക്കൊള്ളുന്ന സഭാസമൂഹത്തെയും റീത്തെന്നു വിളിക്കാറുണ്ട്. പൗരസ്ത്യകാനൻനിയമമനുസരിച്ച് ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം ഇവയിലൂടെ രൂപീകൃതമായിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്ക്കാരത്താലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയാധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ചുകൊണ്ട് വെളിവാക്കുന്നതുമായ പൈതൃകമാണ് റീത്ത് (CCEO, 28).

ഓരോ റീത്തിനെയും മറ്റു റീത്തിൽ നിന്ന് വ്യത്യസ്തമാക്കുന്നത് മേല്പറഞ്ഞ നാലു ഘടകങ്ങളാണ്. സ്വന്തമായ ആരാധനക്രമമാണ് ഇതിൽ ഏറ്റവും പ്രധാനമായത്. ഓരോ റീത്തിന്റെയും കർമ്മാനുഷ്ഠാനങ്ങൾ, പ്രതീകങ്ങൾ, പ്രാർത്ഥനകൾ, തിരുവസ്ത്രങ്ങൾ, ദൈവശാസ്ത്രവീക്ഷണം എന്നിവ ഇതര റീത്തുകളുടേതിൽ നിന്ന് വ്യത്യസ്തമാണ്.

ദൈവശാസ്ത്രമാണ് രണ്ടാമത്തെ ഘടകം. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ ബുദ്ധിയുടെ സഹായത്തോടെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയുമാണ് ദൈവശാസ്ത്രം

ചെയ്യുന്നത്. ഒരോ പ്രാദേശികസമൂഹത്തിന്റേയും ജീവിതാനുഭവങ്ങളും പാരമ്പര്യങ്ങളും തനതായൊരു ദൈവശാസ്ത്രം വളർത്തിയെടുക്കുന്നതിന് അതിനെ സഹായിക്കുന്നു.

മൂന്നാമത്തെ ഘടകം ആദ്ധ്യാത്മികതയാണ്. ഓരോ വ്യക്തിസഭയും അതിന്റെ സ്ഥാപകനായ അപ്പസ്തോലന്റെ ക്രിസ്ത്വനുഭവവും സഭാപിതാക്കന്മാരുടെയും വിശുദ്ധാത്മാക്കളുടെയും ദൈവശാസ്ത്രപരവും ആദ്ധ്യാത്മികമായ സംഭാവനകളും അഭംഗുരം കാത്തുസൂക്ഷിക്കുന്നു. അതിന്റെ വെളിച്ചത്തിലും സഭാസമൂഹത്തിന്റെ മുഴുവന്റെയും ആദ്ധ്യാത്മികാനുഭവത്തിന്റെ അടിസ്ഥാനത്തിലും രൂപപ്പെട്ട സ്വകീയമായൊരു ആദ്ധ്യാത്മികജീവിതശൈലിയും അവയ്ക്കുണ്ട്. വിശുദ്ധിയിൽ വളരുന്നതിനു സഹായിക്കുന്ന വിഭിന്നങ്ങളായ ഭക്താഭ്യാസങ്ങളും ഓരോ റീത്തിലും കാണാം.

നാലാമത്തെ ഘടകം ഭരണസംവിധാനമാണ്. ഓരോ റീത്തിനും അതതിന്റേതായ പ്രത്യേക ഭരണസംവിധാനങ്ങളും ഭരണശൈലിയുണ്ട്. നമ്മുടെ സഭയിൽ പരമ്പരാഗതമായി നിലനിന്നുവരുന്ന ഇടവകപൊതുയോഗങ്ങൾ ഇതിന് ഉദാഹരണമാണ്.

## 12. വിവിധ ആരാധനക്രമകുടുംബങ്ങൾ

കത്തോലിക്കാസഭയുടെ വിശുദ്ധ പാരമ്പര്യം കുടികൊള്ളുന്നത് ലത്തീൻ, സുറിയാനി, ഗ്രീക്ക് എന്നീ മൂന്നു സഭാപാരമ്പര്യങ്ങളിലും കൂടിയാണല്ലോ. പാശ്ചാത്യ-പൗരസ്ത്യ സഭാപാരമ്പര്യങ്ങളിലായി മുഖ്യമായും ആറ് ആരാധനക്രമകുടുംബങ്ങളാണുള്ളത്. അവയിൽ ഒരെണ്ണം ലത്തീൻ (പാശ്ചാത്യ) സഭാപാരമ്പര്യത്തിലും അഞ്ചെണ്ണം പൗരസ്ത്യസഭാപാരമ്പര്യങ്ങളിലുമാണ്.

### *12.1. ലത്തീൻ (പാശ്ചാത്യ)സഭാപാരമ്പര്യവും ആരാധനക്രമകുടുംബവും*

പാശ്ചാത്യ റോമാ സമ്രാജ്യത്തിലെ ഔദ്യോഗിക ഭാഷയായിരുന്നു ലത്തീൻ. ലത്തീൻ ഭാഷ സംസാരിച്ചിരുന്ന സ്ഥലങ്ങളിൽ രൂപംകൊണ്ട സഭകൾ ലത്തീൻ ഭാഷ ആരാധനക്രമഭാഷയായി സ്വീകരിച്ചു. അതുകൊണ്ട് അവ ലത്തീൻസഭകൾ എന്നറിയപ്പെടുന്നു. വി.പത്രോസിന്റെയും വി. പൗലോസിന്റെയും ശ്ലൈഹിക പാരമ്പര്യമുള്ള റോമിലെ സഭാസമൂഹമാണ് ഈ സഭകളുടെ ഉത്ഭവത്തിനും വളർച്ചയ്ക്കും കാരണമായത്. അതുകൊണ്ട് ഈ സഭാസമൂഹങ്ങളെ പൊതുവെ റോമാസഭ എന്നു വിളിക്കുന്നു. പാശ്ചാത്യ റോമാ സാമ്രാജ്യത്തിൽ റോമൻ (ലത്തീൻ) ആരാധനക്രമം കൂടാതെ ഗാള്ളിക്കൻ, അംബ്രോസിയൻ, കെൽടിക്ക് (ഐറിഷ്), മൊസാറബിക് (വിസിഗോത്തിക്), സന്യാസസമൂഹറീത്തുകളായ സിസ്റ്റേർസ്യൻ, കർത്തൂസ്യൻ എന്നിങ്ങനെ പല ആരാധനക്രമങ്ങളുണ്ടണ്ടായിരുന്നു. എന്നാൽ റോമൻ (ലത്തീൻ) ആരാധനക്രമവും അംബ്രോസിയൻ, മൊസാറബിക് (വിസിഗോത്തിക്) ആരാധനക്രമവും ഒഴികെ ബാക്കിയെല്ലാം ഇന്നു നാമമാത്രമാണ്.

### *12.2. ഗ്രീക്ക് സഭാപാരമ്പര്യവും ആരാധനക്രമകുടുംബങ്ങളും*

ഗ്രീക്ക്സഭാപാരമ്പര്യത്തിൽ ബൈസന്റയിൻ, അലക്സാണ്ഡ്രിയൻ, അർമേനിയൻ എന്നിങ്ങനെ മൂന്ന് ആരാധനക്രമകുടുംബങ്ങളുണ്ട്. പതിനേഴു വ്യക്തിസഭകളാണ് ഗ്രീക്കു സഭാകുടുംബത്തിൽ ഉൾപ്പെടുന്നത്.

### *12.2.1 ബൈസന്റയിൻ (കോൺസ്റ്റാന്റിനോപ്പൊളിറ്റൻ) ആരാധനക്രമകുടുംബം*

പൗരസ്ത്യ റോമാ സാമ്രാജ്യത്തിൽ പെട്ടിരുന്ന കോറിന്തോസ്, തെസലോനിക്ക, ഗലാത്തിയ, ഫിലിപ്പിയ, കൊളോസൂസ്, എഫേസൂസ് എന്നിവിടങ്ങളിലെ സഭകളുടെ ആരാധനക്രമഭാഷ ഗ്രീക്ക് ആയിരുന്നു. പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ ആസ്ഥാനം കോൺസ്റ്റാന്റിനോപ്പിൾ ആയതിനെ തുടർന്ന് അതും ഒരു സഭാകേന്ദ്രമായി പരിണമിക്കുവാൻ തുടങ്ങി. കോൺസ്റ്റാന്റിനോപ്പിളിന് ബൈസാൻസിയം എന്ന പേരുകൂടി ഉണ്ടായിരുന്നതിനാൽ ഈ സഭകളെ ബൈസന്റയിൻ സഭകൾ എന്നു വിളിച്ചുപോന്നു. ഇവിടെ വളർന്നുവന്ന ആരാധനക്രമത്തെയാണ് ബൈസന്റയിൻ (കോൺസ്റ്റാന്റിനോപ്പൊളിറ്റൻ) ആരാധനക്രമമെന്നു വിളിക്കുന്നത്. ഈ ആരാധനക്രമം ഉപയോഗിക്കുന്ന 14 വ്യക്തിസഭകളാണുള്ളത്.

1. ഗ്രീക്ക് മെൽക്കൈറ്റ് സഭ
2. യുക്രേനിയൻ സഭ
3. റുമേനിയൻ സഭ
4. റുത്തേനിയൻ സഭ
5. സ്ലോവാക് സഭ
6. ഹങ്കേറിയൻ സഭ
7. ഇറ്റാലോ-അൽബേനിയൻ സഭ
8. അൽബേനിയൻ സഭ
9. ബൾഗേറിയൻ സഭ
10. ഗ്രീക്ക് സഭ
11. റഷ്യൻ സഭ
12. ബൈലോ റഷ്യൻ സഭ
13. ക്രിസ്സേവ്ചി സഭ
14. മാസിഡോണിയൻ സഭ

### *12.2.2 അലക്സാണ്ഡ്രിയൻ ആരാധനക്രമകുടുംബം*

പ്രമുഖ മതബോധനകേന്ദ്രമായിരുന്ന അലക്സാണ്ഡ്രിയായിൽരൂപം പ്രാപിച്ച ഈ ആരാധനക്രമം പിൻതുടരുന്നത് രണ്ട് സഭകളാണ്: കോപ്റ്റിക്ക് സഭ, എത്യോപ്യൻ സഭ.

### *12.2.3. അർമേനിയൻ ആരാധനക്രമകുടുംബം*

എ.ഡി 384 മുതൽ മറ്റു സഭകളുമായുള്ള ബന്ധംവേർപെടുത്തി സ്വതന്ത്രമായ ശൈലിയിൽ വർത്തിക്കുവാനിടയായ അർമേനിയൻ സഭ മാത്രമേ അർമേനിയൻ ആരാധനക്രമം ഉപയോഗിക്കുന്നുള്ളൂ.

### *12.3. സുറിയാനി സഭാപാരമ്പര്യവും ആരാധനക്രമകുടുംബങ്ങളും*

സുറിയാനി ആരാധനക്രമഭാഷയായി സ്വീകരിച്ച സഭകളെയാണ് സുറിയാനി സഭകൾ എന്നു വിളിക്കുന്നത്. പൗരസ്ത്യസഭകളുടെ കൂട്ടത്തിൽപെട്ടവയാണ് ഇവയും. രണ്ട് ആരാധനക്രമകുടുംബങ്ങളാണ് സുറിയാനി സഭാപാരമ്പര്യത്തിലുള്ളത്. പാശ്ചാത്യസുറിയാനിഭാഷ ഉപയോഗിക്കുന്ന അന്ത്യോക്യൻ ആരാധനക്രമവും പൗരസ്ത്യസുറിയാനിഭാഷ ഉപയോഗിക്കുന്ന പൗരസ്ത്യസുറിയാനി ആരാധനക്രമവും.

### *12.3.1 അന്ത്യോക്യൻ ആരാധനക്രമകുടുംബം*

അന്ത്യോക്യ ആരംഭം മുതലേ സഭാപ്രവർത്തനകേന്ദ്രവും മതാദ്ധ്യയനകേന്ദ്ര വുമായിരുന്നു. ആരാധനാഭാഷയുടെ അടിസ്ഥാനത്തിൽ പാശ്ചാത്യസുറിയാനി ആരാധ നക്രമം എന്നാണ് ഇവിടെ വളർന്നുവന്ന അന്ത്യോക്യൻ ആരാധനക്രമം വിളിക്കപ്പെടുന്ന ത്. പാശ്ചാത്യസുറിയാനി ആരാധനക്രമം തുടരുന്ന സഭകൾ മൂന്നെണ്ണമാണ്: പാശ്ചാത്യ സുറിയാനി സഭ, മാറോനീത്താ സഭ, സീറോ-മലങ്കര സഭ.

### *12.3.2 പൗരസ്ത്യസുറിയാനി (കൽദായ) ആരാധനക്രമകുടുംബം*

റോമാസാമ്രാജ്യത്തിനു പുറത്ത് രൂപപ്പെട്ട ആരാധനക്രമമാണിത്. അന്നത്തെ പ്രസിദ്ധ മതാദ്ധ്യയനകേന്ദ്രമായിരുന്ന എദേസ്സായിലാണിത് രൂപപ്പെട്ടത്. ഭാഷാപരമായി പൗരസ്ത്യ സുറിയാനി ആരാധനക്രമം എന്ന് ഇതറിയപ്പെടുന്നു. ക്രിസ്തുമതത്തിന്റെതന്നെ പിള്ളത്തൊ ട്ടിലായ സെമിറ്റിക് സംസ്കാരത്തിലും ഭാഷയിലും രൂപംകൊണ്ട ഈ ആരാധനക്രമം തുട രുന്നത് വി.തോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച രണ്ട് സഭകളാണ്:സീറോ മലബാർ സഭയും, കൽദായ സഭയും.

## 13. സീറോമലബാർ സഭയുടെ ആരാധനക്രമഗ്രന്ഥങ്ങൾ

1. വിശുദ്ധ കുർബാനയുടെ തക്സ (കുർബാനയുടെ പൊതുവായ ക്രമം, പ്രോപ്രിയ, അനാ ഫൊറകൾ എല്ലാം ചേർന്നത്)

2. പ്രഘോഷണഗ്രന്ഥങ്ങൾ (Lectionaries)

   -പഴയനിയമപ്രഘോഷണഗ്രന്ഥം (കെറിയാനേ)

   - ലേഖനപ്രഘോഷണഗ്രന്ഥം (എംഗർത്താ)

   - സുവിശേഷപ്രഘോഷണഗ്രന്ഥം (ഏവൻഗേലിയോൻ)

3. കൂദാശകളുടെ തക്സ

4. പൊന്തിഫിക്കൽ (പട്ടക്രമങ്ങൾ, പള്ളി, ബലിപീഠം, ദപ്പാ എന്നിവയുടെ കൂദാശ, അഭിഷേ കതൈലത്തിന്റെ കൂദാശ)

5. കർത്താവിന്റെ തിരുന്നാൾ കർമ്മങ്ങൾ (പിറവിത്തിരുനാൾ, വിഭൂതി, വിശുദ്ധവാരം)

6. യാമപ്രാർഥനകൾ (സാധാരണക്രമവും തിരുനാളുകളുടെ ക്രമവും)

7. തിരുന്നാൾ ശുശ്രൂഷകൾ (തിരുനാളാഘോഷത്തിന്റെ പ്രത്യേക കർമ്മങ്ങൾ)

8. മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകൾ

9. കൂദാശാനുകരണങ്ങൾ (ആശീർവാദ ശുശ്രൂഷകൾ (Blessings),

10. സമർപ്പിതരുടെ പ്രതിഷ്ഠാകർമ്മം